ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) പ്രസ്തുത റൂട്ട് ദേശസാൽകൃത മേഖലയിലല്ലാത്തതി നാലും ബസ്സുകളുടെ അഭ്യാപ്തതമൂലവും സർവ്വീസ് തുടങ്ങാൻ തൽക്കാലം നിർവ്വാഹമില്ല.

ഒല്ലൂർ മേൽപ്പാലത്തിലൂടെയുള്ള വാഹനഗതാഗതം

66 (346) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ മേൽപ്പാലം വാഹന ഗതാഗതത്തിന് തുറന്നു കൊടുത്ത സാഹചര്യത്തിൽ ഈ വഴിയിലൂടെ തൃശ്ശൂർ നിന്നും തൃപ്രയാറിലേയ്ക്കും തൃശ്ശൂർ നിന്നും കൊടുങ്ങല്ലൂരിലേയ്ക്കും പുതിയ ട്രാൻസ്പോർട്ട് ബസ്സ് സർവീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) തൃശ്ശൂർ നിന്ന് രാത്രി 9 മണിക്കുശേഷം ഇരിങ്ങാലക്കുട, കൊടു ങ്ങല്ലൂർ, തൃപ്രയാർ പ്രദേശങ്ങളിലേയ്ക്ക് ട്രാൻസ്പോർട്ട് ബസ്സ് സർവീസ് നട ത്തുന്നതിന് നടപടി എടുക്കുമോ;

(സി) തൃശ്ശൂർ നിന്ന് ഒല്ലൂർ, ആമ്പല്ലൂർ വഴിപോകുന്ന ചില കെ.എസ്. ആർ.ടി.സി. ബസ്സുകൾ രാത്രി 9 മണിക്കുശേഷം കൂർക്കഞ്ചേരി, ഊരകം, കരു വന്നൂർ, ഇരിങ്ങാലക്കുട വഴി ചാലക്കുടി ദേശീയ പാതയിലൂടെ സർവ്വീസ് നട ത്തുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പ്രസ്തുത റൂട്ടുകൾ ദേശസാൽകൃത മേഖലയിൽപ്പെടുന്നതല്ല. ദേശസാൽകൃത മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനാണ് കോർപ്പറേഷൻ മുൻതൂക്കം നൽകുന്നത്. വാഹന ദൗർലഭ്യം കാരണം ദേശ സാൽക്കരിക്കാത്ത മേഖലകളിൽ പുതിയ സർവ്വീസുകൾ തുടങ്ങാൻ ബുദ്ധിമു ട്ടുണ്ട്. എന്നാലും ഈആവശ്യം പരിശോധിക്കുന്നതാണ്.

(ബി) ഈ റൂട്ടുകൾ ദേശസാൽകൃത മേഖല അല്ലാത്തതുകൊണ്ടും വാഹന ദൗർലഭ്യവും കാരണം രാത്രി 9 മണിക്ക് ശേഷം സർവ്വീസ് നടത്തുന്ന തിന് നിർവ്വാഹമില്ല.

(സി) രാത്രി 9 മണിക്ക് ശേഷം ഒരു റൂട്ടിലൂടെ ലാഭകരമായി സർവ്വീ സുകൾ നടത്താൻ സാധിക്കാത്തതിനാൽ ഈ നിർദ്ദേശം പരിഗണിക്കുവാൻ നിർവാഹമില്ല.

സംസ്ഥാനത്ത് ഹോവർ ക്രാഫ്റ്റ്-ട്രാം സർവ്വീസുകൾ തുടങ്ങാൻ പദ്ധതി

67(352) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഗതാഗത മാർഗ്ഗങ്ങൾക്ക് പുറമേ മറ്റേതെങ്കിലും ഗതാഗത സംവിധാനങ്ങൾ ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എന്താണ് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹോവർക്രാഫ്റ്റ് ഗതാഗത സംവിധാനമേർപ്പെടുത്തുവാൻ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ സാദ്ധ്യത എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ നഗരങ്ങളിൽ ട്രാം സർവീസ് ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ഗതാഗത രംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി യഥാക്രമം കൽസൽട്ടന്റ് എഞ്ചിനീയറിംഗ് സർവീസസ്, ന്യൂഡൽഹി, റൈറ്റ്സ്, ന്യൂഡൽഹി എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ പഠനം നടന്നുവരുന്നു.

(ബി) ഇല്ല.

(സി) ട്രാം സർവ്വീസ് ഏർപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതിയില്ല.

എറണാകുളം റെയിൽവേ ലോക്കോഷെഡിന്റെ വികസനം

68 (353)ശ്രീ. കെ. ബാബു :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് റെയിൽവേ ലോക്കോഷെഡ് വികസിപ്പിക്കുന്നതിന് വകകൊള്ളിച്ചിരുന്ന രണ്ടരക്കോടി രൂപ ഉപയോഗിക്കാതിരുന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എറണാകുളം ലോക്കോഷെഡ് വികസിപ്പിക്കുന്ന കാര്യത്തിൽ ഈ ഗവണ്മെന്റ് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം അന്വേഷിച്ച് ലോക്കോഷെഡ് വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളുടെ കണക്കുകളുടെ ഓഡിറ്റ്

69 (354)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും അതിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെയും കണക്ക്

LIBRARY ARCHIVES Kerala Legislative Assembly